**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ സംവിധാനം- നടപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകൃഷി മേഖലയിലെ വിളവും നഷ്ടവും തിട്ടപ്പെടുത്തുന്നത് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; മറ്റ് സംസ്ഥാനങ്ങളിലെ പോലെ വിളവും നഷ്ടവും തിട്ടപ്പെടുത്തുന്നതിന് നാഷണൽ അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | സംസ്ഥാനത്ത് നെൽകൃഷി മേഖലയിലെ വിളവ് തിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പാണ്. പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുമ്പോൾ വിളനാശം സംഭവിച്ച സ്ഥലവിസ്തൃതി കണക്കാക്കി ദുരിതാശ്വാസ ധനസഹായവും, ഇൻഷ്വർ ചെയ്ത വിളകൾക്ക് വിള ഇൻഷുറൻസ് നഷ്ടപരിഹാരവും കൃഷി വകുപ്പ് നൽകുന്നുണ്ട്. പ്രധാനമന്ത്രി ഫസൽ ബീമായോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി Restructured Weather Based Crop Insurance Scheme (RWBCIS) എന്നീ കേന്ദ്രാവിഷ്കൃത വിള-ഇൻഷുറൻസ് പദ്ധതികൾ 2022-23 റാബി സീസൺ വരെ, സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നടത്തിപ്പ് ഏജൻസി അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനി (AICIL) ആണ്. Prime Minister Fasal Bheema Yojana (PMFBY) മാനദണ്ഡ പ്രകാരം, സംസ്ഥാന സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് നൽകുന്ന വിളവ് ഡാറ്റായുടെയും, RWBCIS-ൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ ആണ് AICIL നെൽകൃഷിയ്ക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തി നൽകുന്നത്. അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് ( AICIL) നേരിട്ട് നെൽകൃഷിയുടെ വിളവ് തിട്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ